

# ബൈബിൾ
# ദൂതൻ

# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge, Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

*** *** ***


Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 7 March 1994 No. 12

സ്വന്തം കഴിവിൽ അമിതമായ ആത്മവിശ്വാസം പുലർത്തുന്ന ആളുകൾ ഉണ്ട്. അവരുടെ ജീവിതത്തിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ സ്വന്തം അഭിപ്രായത്തിൽ നില കൊള്ളും. മററുള്ളവരുമായി ആലോചിക്കുവാൻ അവർ തയ്യാറാവുകയില്ല. തന്റെ നിരൂപണം ശരിയാണ്; അതിനു മാററം വരുത്തേണ്ട ആവശ്യമില്ല എന്നതാണ് ഇവരുടെ പക്ഷം. പക്ഷെ ഈ ചിന്താഗതിക്കാർ ചെന്നു വീഴുന്നതു അബദ്ധത്തിലായിരിക്കും. അപകടമായ തീരുമാനങ്ങൾ ആണ് അവയെന്ന് അവർ അനുഭവിക്കുന്നതുവരെ തിരിച്ചറിയുകയില്ല. ആലോചന ഏതു കാര്യത്തിലും അത്യന്താപേക്ഷിതമാണ്. ആത്മീയരായ ആളുകൾ ജഡികൻമാരോടല്ല ആലോചന നടത്തേണ്ടതു. അവർക്ക് ഇങ്ങനെ കിട്ടുന്ന അഭിപ്രായങ്ങൾ ലോകപ്രകാരമുള്ള അറിവായിരിക്കും. അതു ദൈവത്തിന് എതിരാണ്. എന്നാൽ ആത്മീകൻമാരായവരോടു ചോദിച്ചു കിട്ടുന്ന അറിവ് ആർക്കും ദോഷം വരുത്തുന്നവയല്ല. ഇന്നത്തെ യുവാക്കളായ ഉപദേഷ്ടാക്കളും സുവിശേഷകൻമാരും സത്യത്തെ മാത്രം അനുകരിക്കുന്നവരുടെ ആലോചനക്കു മുൻഗണന കൊടുത്തു കാര്യങ്ങൾ നടത്തിയാൽ അവർക്കു നേരിടുന്ന പ്രശ്നങ്ങൾ ഒഴിവാക്കുവാൻ സാധിക്കും. അതു അവരുടെ ഭാവിക്കും ഉത്തമമായ ഒരു മാർഗ്ഗമായി തീരും. അതിനു വിപരീതമായി പ്രവർത്തിക്കുന്നവർ ദൈവവ്യവസ്ഥയെ മറുക്കുന്നവരാണ്.

എഡിററർ



# സത്യം എവിടെയും ഒന്നു തന്നെ

**J. C ചോട്ട്**

**അ**മേരിക്കയിൽ പ്രസംഗിച്ചുവരുന്ന സുവിശേഷം ഇന്ത്യയിലോ ഇൻഡൊനേഷ്യയിലൊ, ലോകത്തിന്റെ മററു ഭാഗങ്ങളിലോ പ്രസംഗിക്കയോ തർജ്ജിമ ചെയ്യപ്പെടുകയോ ചെയ്താൽ അതു ഉപകാരപ്രദമല്ലാതാവും എന്നു ചിലപ്പോൾ ഞങ്ങളോടു പറഞ്ഞുകേൾക്കാറുണ്ട്. പ്രാദേശികരായ ആളുകൾ പ്രസംഗിക്കയും എഴുതുകയും ചെയ്യുന്നതാണ് കൂടുതൽ ഫലപ്രദമെന്നതു വാസ്തവം തന്നെ. എന്നാൽ ഒന്നു പരമാർത്ഥം തന്നെ; അതായതു സത്യം എവിടെയായാലും സത്യം തന്നെ. ഏതു ഭാഷയിലേക്കും എവിടെയും സത്യം ഭാഷാന്തരം ചെയ്തു പ്രസംഗിക്കയും എഴുതുകയും ചെയ്യാം. പക്ഷെ അതു എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നതു അതേപോലെ, അതേ അർത്ഥത്തിൽ മനസിലാകത്തക്കവിധത്തിൽ ആകണമെന്നു മാത്രം. ഈ പറയപ്പെടുന്നതു ശരിയാണെങ്കിൽ ബൈബിൾ തന്നെ വിവിധ ഭാഷകളിലേക്കു പരിഭാഷപ്പെടുത്തിയതു അനുചിതമായി എന്നു കരുതാനിടയാകും. മററു ഭാഷകളിലേക്കു ആശയവിനിമയം നടത്തുന്നതു പ്രായോഗികമല്ലെങ്കിൽ രാഷ്ട്രീയ പ്രചരണവും വ്യാപാരവിപുലീകരണവും അസ്സാദ്ധ്യമായി തീരുന്നു. ലോകം മുഴുവനും ഇതു വളരെ ഫലപ്രദമായി നടക്കുന്നുവെന്നതിനു ധാരാളം തെളിവുകൾ ഉണ്ട്.

മതപരമായ കാര്യങ്ങളിലേക്കു വരുമ്പോൾ, പഠനങ്ങൾ, പ്രാദേശികമായി നിലനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങൾക്കു യോജിക്കത്തക്ക രീതിയിൽ അതിനു വേണ്ടതായ മാററങ്ങൾ വരുത്തേണം എന്നു ചിലർ വക്കാലത്തു പിടിക്കാറുണ്ട്. കസേരയിൽ ഇരുന്നോ, തറയിൽ ഇരുന്നോ, കാലിൽ ചെരുപ്പ് ധരിച്ചോ ധരിക്കാതെയോ ദൈവത്തെ ആരാധിക്കാം.

എന്നാൽ ആരാധനയിൽ പ്രാദേശികമായി നില നിൽക്കുന്ന ഉപകരണങ്ങൾ പാട്ടു പാടുന്നതിനോടൊപ്പം ഉപയോഗിക്കാവുന്നതല്ല. കാരണം അതു കർത്താവിന്റെ അനുവാദത്തോടു കൂടിയല്ല എന്നതാണ്. എവിടെ നമ്മൾ ആരാധിക്കുന്നു ? എങ്ങനെ ആരാധിക്കുന്നു എന്നതു പ്രാധാന്യമുള്ള കാര്യമാണ്. മററു പലതും അപ്രധാനമായി കണ്ടേക്കാം. നാം ഏതു രാജ്യത്തിലായാലും നമ്മുടെ ആരാധന വചനപ്രകാരമായിരിക്കണം. അതിനോടു കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ ആരാധിച്ചാൽ അങ്ങനെയുള്ള നമസ്കാരം ദൈവം സ്വീകരിക്കും. ദൈവഹിതമാണ് നാം ഈ കാര്യത്തിൽ സ്വീകരിക്കേണ്ടതു.

വെള്ളമുള്ള ഒരു കിണററിന് അരികിൽ വെച്ച് ഒരു ശമര്യക്കാരിയായ സ്ത്രീയെ യേശുക്രിസ്തു കണ്ടുമുട്ടി; അവൾ കോരുവാൻ വന്ന വെള്ളത്തേയും അവൻ അവൾക്കു നൽകുമെന്ന് പറഞ്ഞ വെള്ളത്തെയും പററിയുള്ള വിവരണം പറയുന്നതു ശ്രദ്ധിക്കുക. സ്ത്രീ അവനോടു: യജമാനനെ നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു. ഞങ്ങളുടെ പിതാക്കൻമാർ ഈ മലയിൽ നമസ്കരിച്ചു വന്നു; നമസ്കരിക്കേണ്ടുന്ന സ്ഥലം യെരുശലേമിൽ ആകുന്നു എന്നു നിങ്ങൾ പറയുന്നു എന്നു പറഞ്ഞു. യേശു അവളോടു പറഞ്ഞതു: സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക! നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നതു ഈ മലയിലും അല്ല, യെരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു. നിങ്ങൾ അറിയാത്തതിനെ നമസ്കരിക്കുന്നു; രക്ഷ യെഹൂദൻമാരുടെ അടുക്കൽ നിന്നല്ലോ വരുന്നതു. സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം (യോഹന്നാൻ 4:19-24). എന്താണ് യേശു ഈ

സ്ത്രീയോടു പറഞ്ഞതു ? എവിടെ ആരാധിക്കുന്നു എന്ന തല്ല; മറിച്ച് നമസ്ക്കാരം ആത്മാവിലും സത്യത്തിലും ആയിരിക്കണമെന്നതാണ്. ദൈവത്തെ ആരാധിക്കുന്ന വ്യക്തിയുടെ മനസിലാക്കൽ, മനോഭാവം, ദൈവത്തോടുള്ള ഭക്തി എന്നിവ ആ സമയത്തു എപ്രകാരമാണ് എന്നതു പ്രാധാന്യമുള്ള വസ്തുതയാണ്. അതാണ് ആത്മാവിൽ ആരാധിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു. സത്യത്തിൽ ആരാധിക്കുക എന്നതു സൂചിപ്പിക്കുന്നതു, ദൈവഹിതപ്രകാരം എന്നത്രെ ദൈവം കൽപിച്ചിട്ടുള്ള രീതിയിൽ ആയിരിക്കണം ആരാധനാക്രമങ്ങൾ എന്നു സാരം. ഒരാൾ സത്യത്തിലും ആത്മാവിലും ആരാധിക്കുമ്പോൾ ആ ആരാധന ഏക സത്യ ദൈവത്തിലേക്കു എത്തുന്നു. കർത്താവിൻെറ പൂർണ്ണമായ അംഗീകാരത്തോടെ ലോകത്തിൻെറ ഏതൊരു ഭാഗത്തിരുന്നുവേണമെങ്കിലും ആരാധിക്കാവുന്നതേയുള്ളു.

സാഹചര്യത്തിനനുസരിച്ച് പ്രവർത്തിക്കണമെന്ന് പറയുന്നവരുണ്ട്. അതായതു ഒരാളുടെ പെരുമാററം ഒരു സ്ഥലത്തു അനുവദനീയമെങ്കിലും മററൊരു സ്ഥലത്തു അതു തെററായി കണക്കാക്കപ്പെടുന്നു. നിങ്ങൾ എവിടെയാണ്, ആരോടൊപ്പമാണ്, സാഹചര്യമേതു ഇവയെല്ലാം ആശ്രയിച്ചിരിക്കും ചെയ്യുന്നതു ശരിയോ തെററോ എന്നു വിലയിരുത്തുന്നതു. നമുക്കു പറയാനുള്ളതു ലോകത്തിൽ എവിടെയായാലും സത്യം സത്യം തന്നെയായിരിക്കും ഒരു കാര്യം അതിൽ തന്നെ തെററുള്ളതാണെങ്കിൽ അതു എവിടെ ചെയ്താലും തെററു തന്നെയായിരിക്കും എന്നു നാം മനസിലാക്കണം. അതു ഏതു സമയത്തായാലും ഏതു സാഹചര്യത്തിലായാലും ശരിയാണ്.

വീണ്ടും, പരമാർത്ഥം ലോകത്തിൻെറ ഏതൊരു ഭാഗത്തു ചെന്നാലും പരമാർത്ഥമായിത്തന്നെ നിലകൊള്ളും. യേശുക്രിസ്തു പറഞ്ഞു, സുവിശേഷം സർവ്വലോകത്തിലും പ്രസംഗിക്കപ്പെടണം; ഒരാൾ അതു വിശ്വസിക്കയും സ്നാന

മേൽക്കുകയും ചെയ്താൽ അയാൾ രക്ഷിക്കപ്പെടും. ലോകത്തിൽ ഏതു സ്ഥലത്തായാലും അതു സാദ്ധ്യമാണ് (മത്താ. 16:15-16). കർത്താവിന്റെ സഭ ഒന്നു മാത്രമെയുള്ളു. ലോകത്തിൽ എങ്ങുമുള്ള ആർക്കും കർത്താവിന്റെ കൽപനകൾ അനുസരിച്ചാൽ അതിൽ അംഗമായി തീരാം. അതിനു ഭാഷയോ ആചാരമോ പ്രശ്നമല്ല (മത്തായി 16:18)

ആരാധനയുമായി ബന്ധപ്പെട്ട കാര്യമായാലും, ക്രിസ്തീയ ജീവിതമായാലും, കർത്താവിന്റെ രണ്ടാം വരവ് ആയാലും, ബൈബിളിലെ മറ്റെന്തു വിഷയമായാലും ശരി, ഏക പുസ്തകമായ ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ള സത്യോപദേശങ്ങൾ മനുഷ്യർക്കു വെളിപ്പെടുത്തിയിട്ടുള്ളതാണ്. സത്യം നമ്മെ ബോധ്യപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ തന്നിട്ടുള്ളവയാണ് ഇവയെല്ലാം. ലോകത്തിൽ എവിടെ വസിക്കുന്ന മനുഷ്യരായാലും അവർക്കെല്ലാം ഒരു പോലെ അനുഭവവേദ്യമാകേണ്ടതിനു രൂപപ്പെടുത്തിയിട്ടുള്ളതാണ് സുവിശേഷത്തിലെ ദൈവേഷ്ടം. സത്യത്തിന്റെ മനോഹാരിതയും ക്രിസ്ത്യാനിത്വവും എല്ലാം ഒരു ഭാഗത്ത് ഒരു വിധത്തിലും മറ്റൊരു ഭാഗത്തു വേറൊരു വിധത്തിലും ചെയ്താൽ അതു കലക്കത്തിലേ കലാശിക്കു. ദൈവം ഒന്ന്, കർത്താവ് ഒരുവൻ, ആത്മാവ് ഒന്ന്, സഭ ഒന്ന്, ജീവന്റെ വഴി ഒന്ന് എല്ലാവർക്കും പ്രത്യാശയും ഒന്നു മാത്രം.

ഒരാൾ വേല ചെയ്യുന്ന പ്രദേശത്തെ ആളുകളുടെ മതപരമായ ചിന്ത അയാൾ അറിഞ്ഞിരിക്കുന്നതു ഉപകാരപ്രദമായിരിക്കും എന്നതു ശരിയാണ്. എന്നാൽ ബൈബിൾ സംബന്ധമായ ആശയങ്ങളെ അവതരിപ്പിക്കുന്ന കാര്യം വരുമ്പോൾ അതു ഒരു സ്ഥലത്തു ഒരു തരത്തിലും മറ്റൊരു സ്ഥലത്തു വേറൊരു തരത്തിലും ആകുന്നതു ദൈവജ്ഞാനത്തെ ചോദ്യം ചെയ്യുന്നതിനു തുല്യമാണ്. കാരണം ദൈവത്തിന്റെ വചനം എല്ലാ കാലത്തുമുള്ള ലോകത്തിലെ ഏതൊരു ഭാഗത്തുള്ള മനുഷ്യനും, ഏതൊരു സാഹചര്യ

ത്തിലും ഉപദേശപ്രദമാകേണ്ടതിനു നൽകിയതാണ്. ദൈവത്തിന്റെ ഉദ്ദേശത്തെയും പ്രവൃത്തിയേയും മാററുവാൻ നാം ശ്രമിക്കരുതു. തിരുവെഴുത്തിലെ സത്യം നിങ്ങൾ സത്യമായി തന്നെ സ്വീകരിക്കും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

★

സ്ത്രീകൾക്കുവേണ്ടി:

# ഒരു സ്ത്രീയുടെ വില

ബെററി ബി. സി.

## അവളിൽ തന്നെ

ഒരു വ്യക്തിയുടെ പ്രാധാന്യം എന്തെന്ന് അയാൾ അറിയാതിരുന്നാൽ ചെയ്യേണ്ട പ്രമുഖ കാര്യങ്ങൾ വിട്ടുകളഞ്ഞു എന്നു വരാം. സ്ത്രീകളായ നമുക്കു നമ്മുടെ ജീവിതത്തെ മനസിലാക്കേണ്ടതുണ്ട്. ഒരു പ്രത്യേക പ്രവൃത്തി ചെയ്തു ജനങ്ങളുടെ ശ്രദ്ധ പിടിച്ചു പററുന്ന യുവതികളെ നിങ്ങൾ കണ്ടിരിക്കാം. സ്ത്രീ എന്ന നിലക്ക് എന്റെ ആകെത്തുക എന്തെന്ന് അറിഞ്ഞാൽ മാത്രമെ ലക്ഷ്യപ്രാപ്തിക്കായി ഞാൻ പ്രവർത്തിക്കയുള്ളു. സ്ത്രീകളായി ജനിച്ചതുകൊണ്ട് നാം തരം താഴ്ന്നവരാണെന്ന് വിചാരിക്കരുതു. പെണ്ണായി തീർന്നതുകൊണ്ട് സമൂഹത്തിനും കുടുംബത്തിനും ഭാരമായി എന്നും ചിന്തിക്കരുതു.

മനുഷ്യന്റെ ആരംഭത്തിലേക്കു ഒന്നു കണ്ണോടിക്കുമ്പോൾ ദൈവത്തിന്റെ ഉദ്ദേശം വ്യക്തമായി നമുക്കു കാണാം. 'യഹോവയായ ദൈവം ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ എല്ലാ പറവകളെയും നിലത്തുനി

ന്നും നിർമ്മിച്ചിട്ടു മനുഷ്യൻ അവയ്ക്കു എന്തു പേരിടുമെന്ന് കാൺമാൻ അവന്റെ മുമ്പിൽ വരുത്തി; സകല ജീവജന്തുക്കൾക്കും മനുഷ്യൻ ഇട്ടതു അവെക്കു പേരായി; മനുഷ്യൻ എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പറവകൾക്കും എല്ലാ കാട്ടുമൃഗങ്ങൾക്കും പേരിട്ടു; എങ്കിലും മനുഷ്യനു തക്കതായ ഒരു തുണ കണ്ടുകിട്ടിയില്ല (ഉൽപ. 2:19-20).

“അനന്തരം യഹോവയായ ദൈവം; മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവനു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്നു അരുളിച്ചെയ്തു” (ഉൽപത്ത് 2:18). പുരുഷനു യോജിക്കുന്ന വിധത്തിൽ ഒരു ഇണയെയാണ് ദൈവം നിർമ്മിച്ചുകൊടുക്കും എന്നു പറഞ്ഞതു. വെറും ഒരു ഇണയെയോ ഒരു പങ്കാളിയെയോ അല്ല ദൈവമനസിൽ ഉള്ളതു എന്നർത്ഥം. അതിനായി ദൈവം എന്തു ചെയ്തു എന്നു കൂടെ നാം നോക്കേണ്ടതാണ്. അപ്പോഴാണ് അതിന്റെ യഥാർത്ഥ പ്രസക്തി നമുക്കു പിടി കിട്ടുന്നതു.

“ആകയാൽ യഹോവയായ ദൈവം മനുഷ്യനു ഒരു ഗാഢനിദ്ര വരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നു എടുത്തു അതിനു പകരം മാംസം പിടിപ്പിച്ചു. യഹോവയായ ദൈവം മനുഷ്യനിൽ നിന്നും എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ മനുഷ്യൻ; ഇതു ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും എന്റെ മാംസത്തിൽ നിന്നു മാംസവും ആകുന്നു. ഇവളെ നരനിൽ നിന്നു എടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു പേരാകും എന്നു പറഞ്ഞു (21 മുതൽ 23 വരെയുള്ള വാക്യങ്ങൾ)

“മനുഷ്യൻ തന്റെ ഭാര്യക്കു ഹവ്വാ എന്നു പേരിട്ടു; അവൾ ജീവനുള്ളവർക്കെല്ലാം മാതാവല്ലോ. ആദാമിന്റെ നിയന്ത്രണത്തിലേക്ക് തിരിയുന്ന ഹവ്വയെ നാം ഇവിടെ ദർശിക്കുന്നു. പക്ഷേ അതിനു കാരണവും അവർ തന്നെ എന്നു സമ്മതിക്കേണ്ടി വരും. അതൊരു പരമാർത്ഥമാണ്. ബല

ഹീനമായ പ്രവൃത്തിയുടെ പ്രത്യാഘാതം എന്നു തന്നെ പറയാം. സ്ത്രീകളുടെ വിലയാണല്ലോ നമ്മുടെ വിഷയം. അതുകൊണ്ട് നമ്മിൽ കുടികൊള്ളുന്ന മൂല്യത്തെ വേർതിരിച്ച് മനസിലാക്കാൻ പോകയാണ്.

നമ്മുടെ മനസുകളെ പുറകോട്ടു തിരിച്ച് നൂറ്റാണ്ടുകൾക്കു മുൻപ് പുരാതന കാലത്തു ജീവിച്ചിരുന്ന ആദ്യ മനുഷ്യനെയും അവന്റെ ഭാര്യയെയും അവരുടെ ബന്ധത്തെയും കുറിച്ച് ഊഹിക്കാൻ കഴിയുമോ ? സങ്കൽപിക്കാൻ കഴിയുമോ ? ആദാം എന്ന പുരുഷന്റെ ആവശ്യങ്ങൾ നിറവേറ്റിയ വെറും ഒരു വേലക്കാരി മാത്രമായിരുന്നോ ഹവ്വ ? ചില സമൂഹത്തിൽ നാം കാണുന്ന പ്രതിഭാസം സ്ത്രീ പുരുഷന്റെ അടിമയാണ് എന്നതാണ്. പക്ഷെ ദൈവം സൃഷ്ടിച്ചതായ ആദ്യമനുഷ്യനിൽ ആ ഒരു ദാസ്യത്വം നമുക്കു ദർശിക്കാവുന്നതല്ല മനുഷ്യചിന്തകൾക്കപ്പുറമായിരുന്നു ദൈവവ്യവസ്ഥയും ദൈവത്തിന്റെ ഉദ്ദേശവും.

ദൈവത്തിന്റെ സൃഷ്ടിയിൽ മറ്റൊന്നിന്റേയും ഒരു ഭാഗം എടുത്തു വേറൊന്നിനെ ഉണ്ടാക്കിയതായി ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ഈ കാര്യത്തിൽ നമുക്കു ഹവ്വയെ മാത്രമെ എടുക്കാൻ ഉള്ളൂ. മനുഷ്യനെ ഉണ്ടാക്കുന്നതിനെക്കുറിച്ച് ദൈവം അരുളിച്ചെയ്തതു: 'നമ്മുടെ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യനെ ഉണ്ടാക്ക' എന്നത്രെ (ഉല്പത്തി 1:26). മണ്ണിലെ പൊടിയിൽ നിന്നാണ് ആദാമിനെ മെനഞ്ഞുണ്ടാക്കിയതു; അതേ സമയം ദൈവത്തിന്റെ സാദൃശ്യത്തിലുമാണ്; അതായത് ദൈവം അവന്റെ മൂക്കിൽ ജീവശ്വാസം ഊതിയപ്പോൾ അവൻ ജീവനുള്ള ദേഹിയായിതീർന്നു. ദൈവം അരൂപിയാണ് എന്ന് ചിലർ അന്ധമായി വിശ്വസിച്ചു വരുന്നുണ്ട്. എന്നാൽ ദൈവം ആത്മാവാണ്. ആ ആത്മീയ രൂപമാണ് മനുഷ്യന് നല്കിയിരിക്കുന്നതു.

പക്ഷെ സ്ത്രീ ഉണ്ടാക്കപ്പെട്ടിരിക്കുന്നതു ഒരു പ്രത്യേകതയോടുകൂടെയാണ്. മനുഷ്യന്റെ ഒരു വശത്തെ വാരിയെ

ല്ലിൽ ഒന്നെടുത്തു സ്ത്രീക്കു രൂപം കൊടുത്തു. മററുള്ള സൃഷ്ടികളിൽ നിന്നും സ്ത്രീ വ്യത്യാസമുള്ളവളായി കാണുന്നു. ദൈവരൂപത്തിൽ സൃഷ്ടിക്കപ്പെട്ട പുരുഷൻ ജീവനുള്ള ദേഹിയായി തീർന്നശേഷം അവൻെറ എല്ലിൽ നിന്നും സ്ത്രീക്ക് നിലനിൽപ്പ് ഏകി. സാധാരണ നിർമ്മാണ പ്രക്രിയയല്ല ഇവിടെ നടന്നതു. സ്ത്രീ പുരുഷബന്ധം അനിവാര്യമാകുന്നതു എന്തുകൊണ്ടാണെന്നു നാം ചിന്തിക്കണം. ആർക്കും നിഷേധിക്കാനാവാത്ത ഒരു സാമീപ്യം അവർ തമ്മിൽ ഇന്നും ഉണ്ട് എന്നതു വാസ്തവം തന്നെ. അതിനെ യാഥാർത്ഥ്യ ബോധത്തോടെ കാണാതിരിക്കുന്നതാണ് ലോകത്തിൻെറ ന്യൂനത.

ഹവ്വയുടെ പങ്കെന്തായിരുന്നു ? പുരുഷനോടു സാമ്യപ്പെടുത്തിയാണ് ദൈവം അവളെ ഉച്ചരിച്ചിരിക്കുന്നതുതന്നെ. അവൾ ആദാമിൻെറ പൂർണ്ണതയായി മാറി. ഭൗതികമായി പ്രത്യുൽപാദന വ്യവസ്ഥയുടെ ഒരു ഭാഗം പുരുഷനിലും മററൊരു ഭാഗം സ്ത്രീയിലും ആണ് വെച്ചിരിക്കുന്നത്. അങ്ങനെയെങ്കിലും മറെറല്ലാ വിധത്തിലും പുരുഷനും സ്ത്രീയും അന്യോന്യം തികവുള്ളവരായി തീരേണ്ടതിനായി ദൈവം രൂപപ്പെടുത്തിയിരിക്കുകയാണ്. പുരുഷൻെറ ശക്തിയും കുടുംബത്തിൻെറ ആവശ്യങ്ങൾ നിറവേററുവാനുള്ള കഴിവും സ്ത്രീയുടെ സൗമ്യതയും ഭവനരൂപീകരണ കഴിവും ഒത്തിണങ്ങി കാണുന്നു. പുരുഷൻ സമൂഹത്തിൽ പോയി ജോലി ചെയ്തു ജീവിതം നയിക്കുവാനുള്ള ബദ്ധപ്പാട് സ്വീകരിക്കുന്നു. സ്ത്രീയോ വീട്ടിൽ ഏററവും നല്ല രീതിയിൽ അവളുടെ കഴിവ് ഉപയോഗിക്കുന്നു. വൈകാരികമായി ഉറപ്പുള്ള കുടുംബബന്ധം ശക്തിപ്പെടുത്തുവാൻ തലമുറകളായി സാധിക്കുന്നതു ഇതുകൊണ്ടാണ്. ആത്മീയമായി പുരുഷൻ ദൈവത്തെ ആരാധിക്കുന്നതു നയിക്കുന്നു; എന്നാൽ സ്ത്രീ കുട്ടികളെ പഠിപ്പിക്കയും അവരെ ദൈവഭക്തിയിൽ ദിവസം തോറും വളർത്തുവാൻ ശ്രദ്ധിക്കയും ചെയ്യുന്നു.

സ്ത്രീയുടെ പങ്കു വിവരിക്കുന്നതിനു ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന മറ്റൊരു വാക്ക് ആണ് സഹായി അല്ലെങ്കിൽ തുണ എന്നതു. പുരുഷനെ പൂർണ്ണനാക്കുവാൻ കഴിവുള്ള ഒരു വ്യക്തിയായിട്ടാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നതു. സ്വയമായി ആദാമിനെ സഹായിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഹവ്വയെ ദൈവം സൃഷ്ടിച്ചതു. ഏതെല്ലാം രീതിയിൽ അവനെ സഹായിക്കാൻ കഴിയുമോ ആ വിധത്തിലെല്ലാം അവനെ സഹായിക്കുവാൻ വേണ്ടിയായിരുന്നു എന്നു സ്പഷ്ടം. ഈ സത്യം അറിഞ്ഞ് എല്ലാ സ്ത്രീകളും പെരുമാറി പ്രവർത്തിക്കുകയാണെങ്കിൽ ഇന്ന് കാണപ്പെടുന്ന പൊതുവായ കുടുംബപ്രശ്നങ്ങൾ ഉടലെടുക്കുകയില്ലെന്നു തന്നെ പറയാം. ഭാര്യാ ഭർത്താക്കൻമാർ തമ്മിൽ ഊന്നൽ കൊടുക്കേണ്ട സ്വഭാവങ്ങൾക്കു പ്രാധാന്യം കൊടുത്തു ദൈവീക വീക്ഷണത്തിൽ സമാധാനം കാംക്ഷിച്ചുകൊണ്ട് വേണം കുടുംബത്തെ നയിക്കുവാൻ.

അതേ സമയം, അവൾക്കു സ്വതന്ത്രമായ ഒരു ആത്മാവ് ഉണ്ടെന്നും അവൾക്കു നേരിട്ട് ദൈവത്തോട് ഒരു ബന്ധമുണ്ടെന്നും ഹവ്വ തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടാണ് കയ്യീൻ ജനിച്ചപ്പോൾ അവൾ പറഞ്ഞതു; എനിക്ക് യഹോവയാൽ ഒരു പുരുഷപ്രജ ലഭിച്ചിരിക്കുന്നു" എന്ന് (ഉൽപ. 4:1). എല്ലാ കാലത്തുമുള്ള സ്ത്രീകൾക്കുള്ള മാതൃകയാണ് അവളുടെ ഈ പ്രസ്താവന. ദൈവത്തിന്റെ ദാനമാണ് മക്കൾ എന്ന യാഥാർത്ഥ്യം അവൾ മനസിലാക്കി കൊടുക്കുന്ന വ്യക്തിയും സ്വീകരിച്ച വ്യക്തിയും ഉദ്ദേശം വ്യക്തമാക്കുന്നതാണ് സുപ്രധാനം. സ്ത്രീയുടെ വില അവൾ മനസിലാക്കി; അവൾക്കു ദൈവത്തോടുള്ള ബന്ധവും അവൾ തിരിച്ചറിഞ്ഞു. ആ മാതൃകയാണ് ഏതു കാലഘട്ടത്തിൽ ജീവിക്കുന്ന സ്ത്രീയായാലും പിൻപറ്റേണ്ടത്.

★

# നിങ്ങൾ ധനവാനോ?

### ജോ. T. സിവി

വീടുകൾ തോറും കയറിയിറങ്ങി കടലാസുകൾ ശേഖരിക്കുന്ന രണ്ടു കുട്ടികൾ തണുപ്പുള്ള ഒരു ദിവസം തങ്ങളുടെ ജോലിയിൽ അവർ വ്യാപൃതരായിരുന്നതു കണ്ട ഒരു സ്ത്രീ അവരെ തന്റെ വീട്ടിലേക്കു ക്ഷണിച്ചു ചൂടുള്ള ചായ വിളമ്പിക്കൊടുത്തു. ആ കുട്ടികളിൽ ഒരാൾ ആ സ്ത്രീയോട് "നിങ്ങൾ ധനികയാണോ" എന്നു ചോദിച്ചു. 'അല്ല' എന്ന് അവൾ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു. അവർ അതു ചോദിക്കാനുണ്ടായ കാരണം അവൾ ആരാഞ്ഞു. അതിനു മറുപടിയായി ആ കുട്ടി പറഞ്ഞതു നിങ്ങളുടെ കപ്പും സോസറും ചേർച്ചയുള്ളതാണല്ലൊ എന്നാണ്.

ആ കുട്ടികൾ കടന്നുപോയപ്പോൾ ആ സ്ത്രീ ഓർമ്മിച്ചു. ആ കുട്ടികൾ പറഞ്ഞതു ഒരുപക്ഷെ ശരിയായിരിക്കും. കപ്പും സോസറും ചേരുന്നവയാണ്. പാത്രങ്ങളെല്ലാം അതുപോലെ തന്നെ. ചൂടിനു ചൂടും തണുപ്പിനു തണുപ്പും ആവശ്യമുള്ളരീതിയിൽ ക്രമീകരിക്കപ്പെട്ട ഒരു നല്ല വീട് എനിക്ക് ഉണ്ട്. എന്റെ ഭർത്താവിന് ആണെങ്കിൽ നല്ലൊരു ജോലിയുണ്ട്. അദ്ദേഹം കുടുംബത്തിന് ആവശ്യമുള്ളതെല്ലാം നല്കുന്നുണ്ട്. എന്നെ സ്നേഹിക്കുന്ന നല്ലവനായ ഒരു ഭർത്താവാണ് അദ്ദേഹം. ഒരുപക്ഷെ ഞാൻ ധനികയായിരിക്കുമോ? അവൾ വീണ്ടും വീണ്ടും ചിന്തിക്കാൻ തുടങ്ങി.

പണം കൂടാതെ ഒരാൾക്കു ധനികനാവാൻ കഴിയുമോ? ഒരിക്കൽ ഒരാൾ പറയുന്നതുകേട്ടു "ഒരു ദിവസം ഞാനും പണക്കാരനാകും." കൂടെയുണ്ടായിരുന്ന വേറൊരാൾ അതു കേട്ടുകൊണ്ടു അയാളോടു പറഞ്ഞു; ഇപ്പോൾ ഞങ്ങൾ ധനികരാണ് എന്നാൽ കുറച്ചു കഴിയുമ്പോൾ ഞങ്ങൾ കൂടു

തൽ പണക്കാരാകും. "ഇതു തമ്മിലുള്ള വ്യത്യാസം എന്താണ്? ധനം എന്ന് പറയുമ്പോൾ അതിൽ പണവും ഉൾപ്പെടുമോ? വാസ്തവത്തിൽ ആവശ്യത്തിലധികമായി എന്തു തന്നെയുണ്ടെങ്കിലും, അതു ധനികമായ അവസ്ഥയെ സൂചിപ്പിക്കുന്നു. പണമായാലും, വസ്തുവായാലും, വസ്ത്രമായാലും, സാധനങ്ങളായാലും. ഇതെല്ലാം ധനികമായ അവസ്ഥയെകുറിക്കുന്നതാണ്.

പണം കൂടാതെ തന്നെ ഒരാൾക്കു ധനികനാകാം. അപ്പൊസ്തലനായിരുന്ന പൌലൊസ് പറയുന്നു; "നിങ്ങൾക്കു കൃപ ലഭിച്ചതു വ്യർത്ഥമായിത്തീരരുതു എന്നു ഞങ്ങൾ സഹപ്രവൃത്തിക്കാരായി നിങ്ങളെ പ്രബോധിപ്പിക്കുന്നു. ദുഃഖിതർ എങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ, ദരിദ്രരെങ്കിലും പലരെയും സമ്പന്നർ ആക്കുന്നവർ; ഒന്നും ഇല്ലാത്തവർ എങ്കിലും എല്ലാം കൈവശമുള്ളവരായിത്തന്നേ" (2 കൊരിന്ത്യർ 6:1, 10). ഭൗതിക സമ്പത്തിനേക്കാൾ ആത്മിക ധന്യത എത്രയോ ശ്രേഷ്ഠമാണ്. ആത്മിക വർദ്ധനയാണ് ദൈവിക സമ്പത്ത്. അതു ഒരിക്കലും നശിച്ചു പോകാത്തതുമാണ്.

നാം ദൈവത്തിന്റെ മക്കൾ എങ്കിൽ അവകാശികളും ആകുന്നു. നാം വിശ്വാസത്തിൽ ധനികരാകുമ്പോൾ ദൈവരാജ്യത്തിന്റെ അവകാശികളായി തീരും എന്നാണ് ദൈവത്തിന്റെ വാഗ്ദാനം. പക്ഷെ ദൈവത്തെ സ്നേഹിക്കുന്നവർക്കേ ഇതു സാദ്ധ്യമാകൂ (യാക്കോബ് 2:5). ഒരാൾ ദൈവത്തിനുള്ളവനായി തീരുമ്പോൾ ദൈവത്തിനുള്ളതെല്ലാം ആ വ്യക്തിയുടേതായി മാറുന്നു എന്ന് പറഞ്ഞാൽ, അവന് ലക്ഷ്യപ്രാപ്തി ഉണ്ട് എന്നു സാരം. നിത്യതയിലേക്കു ഭദ്രമായി സൂക്ഷിക്കാവുന്ന സമ്പത്താണ് അതു.

"അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്ന് വെളിപ്പാടു പുസ്തകത്തിൽ യോഹന്നാൻ പ്രതിപാദിച്ചിരി

ക്കുന്നതു എത്ര ശരി (വെളിപ്പാട് 14:13), അതു തന്നെയാണ് പൌലൊസ് തിമൊഥെയോസിനോട് പറഞ്ഞതു; സൽപ്രവൃത്തിയിൽ സമ്പന്നൻ ആകുക. നമ്മുടെ പ്രവൃത്തികൾ എല്ലാം നല്ലതാണെങ്കിൽ നമ്മെ പിന്തുടരുന്നത് പിന്നെ എന്തായിരിക്കും ?

എങ്ങനെയായാലും ഒരാൾക്കു പണം കൂടാതെ സമ്പന്നൻ ആകാൻ കഴിയുന്നതുപോലെ പണത്താൽ ദരിദ്രനായിത്തീരാം. വിചിത്രമായിതോന്നുന്നുണ്ടോ ? ലവൊദിക്യ സഭയിലുള്ളവർ വിചാരിച്ചതു അവർ സമ്പന്നർ എന്നത്രേ. പക്ഷെ വാസ്തവത്തിൽ അവർ ദരിദ്രരായിരുന്നു. നിങ്ങൾ ദരിദ്രരോ സമ്പന്നരോ ? നിങ്ങൾക്കറിയാം.

★

# ദൈവത്തെ എതിരേല്പാൻ നിങ്ങൾ തയ്യാറോ ?

അതെങ്ങനെ........

1. വേദപുസ്തകം ദൈവവചനമാകുന്നു.

"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകുന്നു" (2 തിമൊഥെയോസ് 3:16).

2. വേദപുസ്തകം മാത്രമാണ് നമ്മുടെ സഹായി.

"എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്, ഞാൻ സംസാരിച്ച വചനം ഒടുക്കത്തെ നാളിൽ അവനെ ന്യായംവിധിക്കും." (യോഹന്നാൻ 12:48).

"ദൈവം യേശുക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ തന്റെ സുവിശേഷപ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നെ" (റോമർ 2:16).

(മനുഷ്യരുടെ പാരമ്പര്യമോ, ആശയമോ, അഭിപ്രായമോ, സ്വപ്നമോ, തീരുമാനമോ, ഉപദേശമോ, നിയമാവലികളോ ശരിയായ സഹായി ആവുകയില്ല).

3. പാപം എന്താണ് ?

"പാപം ചെയ്യുന്നവനെല്ലാം അധർമ്മവും ചെയ്യുന്നു. പാപം അധർമ്മം തന്നെ" (1 യോഹന്നാൻ 3:4).

"നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന്നു അതു പാപം തന്നേ" (യാക്കോബ് 4: 17).

4. ആരാണ് പാപി ?

"സകല മനുഷ്യരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി" (റോമർ 3:23).

"ക്രിസ്തു ഒരിക്കലും പാപം ചെയ്തിട്ടില്ല" (2 കൊരി. 5:21; എബ്രായർ 4:15).

തിരിച്ചറിവിൽ എത്താത്ത കുട്ടികാം പാപികളല്ല (മത്തായി 19: 14; റോമർ 14:12; എഹെസ്ക്കേൽ 18:20)

5. പാപക്ഷമാപണം ലഭിച്ചില്ലെങ്കിൽ ?

"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ" (റോമർ 6:23).

6. ക്രിസ്തുവിലുള്ള വിശ്വാസ്യമായ അനുസരണം നിമിത്തം പാപത്തിന്റെ ശിക്ഷയിൽ നിന്നും രക്ഷ നേടാവുന്നതാണ്.

"മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല" (പ്രവൃത്തി 4:12).

"പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു" (എബ്രായർ 5:4).

7. ഒരു ക്രിസ്ത്യാനിയായി തീരുവാൻ ക്രിസ്തു നിങ്ങളോടു എന്തു കൽപിക്കുന്നു ?

(1) നിങ്ങളുടെ പാപത്തെയും അതിന്റെ ശിക്ഷയെയും കാണുക (റോമർ 6:23; മത്തായി 25:41, 46).

(2) ക്രിസ്തു നിങ്ങൾക്കുവേണ്ടി മരിച്ചു എന്നു വിശ്വസിക്കുക.

"ഞാൻ അങ്ങനെയുള്ളവൻ എന്നു നിങ്ങൾ വിശ്വസിച്ചില്ലായെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപത്തിൽ മരിക്കും" (യോഹന്നാൻ 8:24).

(3) എല്ലാപാപത്തിൽ നിന്നും മാനസാന്തരപ്പെടുക.

"ദൈവം അറിയായ്മയുടെ കാലം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് മനുഷ്യരോടു കൽപിക്കുന്നു" (പ്രവൃ. 17:30).

(4) ക്രിസ്തുവിലുള്ള വിശ്വാസം ഏററു പറയുക.

"ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ് കൊണ്ട് രക്ഷക്കായി ഏററു പറയുകയും ചെയ്യുക" (റോമർ 10:10).

നിങ്ങൾ അനുഗ്രഹിക്കപ്പെടുന്നവരുടെ കൂട്ടത്തിലോ അതോ ശപിക്കപ്പെട്ടവരുടെ കൂട്ടത്തിലോ ? ഏതു സംഘത്തിൽ ഉൾപ്പെടുന്നു എന്നു ചിന്തിച്ചുനോക്കുക.

★

കവിത

# കഴുതയുടെ ദുഃഖം

E. K. തേപ്പുപാറ

പാരിൽ പിറന്നതു ഭാരം ചുമക്കുവാൻ,
അല്ലാതെ ഒന്നിനും പററില്ല പാവത്തെ,

തല്ലാനും കൊല്ലാനും തല്ലിച്ചതയ്ക്കാനും,
തൻ യജമാനനധികാരമുണ്ടഹോ.
കാളും വിശപ്പടക്കാൻ വെറും പച്ചത്തവിടു,
കലക്കിയ കാടിയും, പുൽപ്പിടികെട്ടുമായ്,

കുത്തും ചവിട്ടും കൊടുക്കുമേ മണ്ടയിൽ,
എന്നും പതിവുപോലുണ്ടതു നിശ്ചയം.
കാഹളം പോലൊരു ശബ്ദം പുറപ്പെടും,
കാലികൾ കൂട്ടം പോൽ വന്നടുത്തീടുമേ.

പിന്നെ ചുമടുമായ് പോകേണ്ട ദിക്കിലേ,
ക്കോടുന്നു പാവം കഴുതക്കിടാങ്ങളും.
അപ്പോഴതങ്ങേതൊഴുത്തിലെ കാളക്കു.
നെയ്പോച്ച നന്നായ് കൊടുക്കുന്നു ഭംഗിയിൽ,

കണ്ടതും പാവം കഴുതക്കിടാങ്ങളും,
ഞെട്ടിത്തെറിക്കുന്നു വിഭ്രമചിത്തരായ്.
പത്തുപേരൊന്നിച്ചുവന്നൊരു നേരത്ത്,
കുത്തി കഴുത്തിൽ കയററിപ്പിടിച്ചതും.

വന്നവർ തിന്നു മദിച്ചതും കണ്ടു കണ്ടാ,
ശ്ചര്യപ്പെട്ടതും പാവം കഴുതകൾ.
കഷ്ടം സഹിക്കാൻ പിറന്ന നമുക്കൊരു,
സന്തോഷമുള്ള ഞാനുര ചെയ്യുമേ.

കാലിത്തൊഴുത്തിലെ കാൽവരിനാഥനെ,
കാലിവയററിൽ ചുമന്നവരല്ലയോ.
സത്യം പറയും പ്രവാചകവീരനെ,
അന്നു ചുമന്നതും ആരറിയുന്നഹോ.

★

# പരിശുദ്ധാത്മാവിൽ നിറയപ്പെടുന്നതെങ്ങനെ? ജീവിക്കുന്നതെങ്ങനെ?

റവ്വ്. സി. രാജൻ തുമരംപാറ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

അതു മാത്രമല്ല പരിശുദ്ധാത്മാവിനു വികാരമുണ്ട് എന്ന് കാണുന്നു. എഫേ. 4:30. ദൈവത്തിൻെറ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത് എന്നു പറഞ്ഞിരിക്കുന്നു.

## II പരിശുദ്ധാത്മാവിൻെറ പ്രവർത്തികൾ എന്തെല്ലാം ?

1 നാം ദൈവത്തിൻെറ മക്കൾ എന്നു സാക്ഷ്യം പറയുന്നു (റോമർ 8:16).

2 സകല സത്യത്തിലും വഴി നടത്തുന്നു (യോഹ. 16:13).

3 ബോധം വരുത്തുന്നു (യോഹ. 16:8).

4 പ്രബോധിപ്പിക്കുന്നു (അപ്പൊ. 9:31).

5 കർത്താവിൻെറ വാക്കുകൾ ഓർമ്മപ്പെടുത്തുന്നു (യോഹ. 14:26).

6 ആത്മാവ് സ്നേഹിക്കുന്നു (റോമർ 15:32)

7 കേൾക്കുന്നു (യോഹ. 16:13).

8 ഇച്ഛിക്കുന്നു (1 കൊരി. 12:11).

9 വിളിക്കുന്നു (ഗലാ. 4:6).

പരിശുദ്ധാത്മാവിൻെറ ഒൻപതു വിധ പ്രവർത്തനങ്ങൾ മുകളിൽ പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ വായിക്കുമ്പോൾ കൂടുതലായി ഗ്രഹിക്കുവാൻ കഴിയും.

## III പരിശുദ്ധാത്മാവ് എന്തിനു ഭൂമിയിലേക്കു വന്നു.

a പാപബോധം വരുത്തുവാൻ (യോഹ: 16:8)

b വരുവാനുള്ളവ കാണിക്കുന്നു. (ന്യായവിധി)

c വഴി നടത്തുന്നു (സകല സത്യത്തിലും)

d സമൃദ്ധമായ ജീവൻ നൽകുന്നതിന് (റോമർ 8:11)

## IV പരിശുദ്ധാത്മ ലഭ്യത മൂന്നുവിധം

1 കാത്തിരുന്നു പ്രാപിക്കണം. (അപ്പൊസ്തലന്മാർ) പ്രവൃത്തി: 2.

2 ജാതികൾക്കു വചനം കേട്ടപ്പോൾ തന്നെ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിച്ചു (പ്രവൃത്തി: 10).

3 മാനസാന്തരപ്പെട്ടു സ്നാനമേൽക്കുമ്പോൾ പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. (പ്രവൃത്തി: 2: 38)

നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നത് എങ്ങനെയെന്നും അതിൽ ജീവിക്കുന്നത് എങ്ങനെയെന്നും അത് എപ്പോൾ മനസ്സിലാക്കാൻ കഴിയും എന്നുമാണ്. എങ്കിലും ഈ അവസരത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന ആത്മാവ് പ്രാപിക്കുന്നതിനെ കുറിച്ച് അല്പമായി ചിന്തിക്കുന്നത് അവസരോചിതമാണ്.

ആത്മ ലഭ്യതക്കു മൂന്നുവിധ ഉപദേശങ്ങൾ ഉണ്ടായിരുന്നുവെന്നു നാം കണ്ടു.

1 കാത്തിരുന്നു പ്രാപിക്കുക:-

അപ്പൊ. 1:4-ൽ കർത്താവു പറയുന്നു-നിങ്ങൾ യെരുശലേമിൽ നിന്നു വാങ്ങിപോകാതെ എന്നോടു കേട്ട പിതാവി

ൻെറ വാഗ്ദത്തത്തിനായി കാത്തിരിക്കേണം. ഇത് സഭക്കു മുഴുവനുമുള്ള ഒരു ഉപദേശമായിട്ടല്ല കർത്താവു പറഞ്ഞത്. അന്നത്തെ സാഹചര്യം നാം പഠിക്കുമ്പോൾ പരിശുദ്ധാത്മാവ് അന്നു വരെ ഭൂമിയിൽ (സ്ഥിരമായി) വന്നിരുന്നില്ല എന്ന് കാണുവാൻ കഴിയും. അതുവരേയും ദൗത്യനിർവ്വഹണത്തിനായി ആത്മാവ് വരികയും പോകുകയും ചെയ്തുകൊണ്ടിരുന്നു. കർത്താവു പറഞ്ഞു ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല ഞാൻ പോയാൽ നിങ്ങളുടെ അടുക്കൽ അയക്കും (യോ 16:6). കർത്താവു പറഞ്ഞതുപോലെ അവൻ സ്വർഗ്ഗാരോഹണം ചെയ്തു. അത് ശിഷ്യൻമാർ കാണുകയും ചെയ്തു (അപ്പൊ. 1:11). അതിനു ശേഷം കർത്താവു പറഞ്ഞതുപോലെ ആത്മാവിനായി അവർ കാത്തിരുന്നു. കാരണം അപ്പൊസ്തലൻമാർക്കു ശക്തി ലഭിക്കുവാൻ അതു ആവശ്യമായിരുന്നു.

ലേവ്യപുസ്തകം 23-ൽ ഏഴ് ഉൽസവങ്ങളെപ്പററി പറഞ്ഞിരിക്കുന്നു. അവ നിവർത്തിക്കേണ്ട ഏഴു കാര്യങ്ങളുടെ നിഴലായിരുന്നു.

1 പെസഹാ—കർത്താവിൻെറ മരണം

2 ആദ്യഫല കററ ഉയർത്തൽ—കർത്താവിൻെറ പുനരുത്ഥാനം

3 പെന്തെക്കോസ്തു പെരുന്നാൾ—പരിശുദ്ധാത്മാവിൻെറ ആവിർഭാവം (50-ാം ദിവസം)

ഈ മൂന്നു നിഴലായ കാര്യങ്ങളുടെ പൊരുൾ നിറവേറിക്കഴിഞ്ഞതാണ്. ഈ നിഴലുകളുടെ നിവൃത്തിയിൽ നിഴലിൻെറ സമയവും പൊരുളിൻെറ സമയവും യോജിച്ചുവരേണ്ട ആവശ്യം ഇല്ല എങ്കിലും ഈ മൂന്നു കാര്യങ്ങളിലും അതാതു സമയത്തു തന്നെ സംഭവിക്കുന്നു എന്നു കാണുന്നു.

പെസഹാ കുഞ്ഞാടിനെ അറുത്ത ആബീബ് മാസം 14-ാം തീയതി തന്നെ ക്രിസ്തു ക്രൂശിക്കപ്പെട്ടു. അതുപോലെ നീരാജനത്തിന്റെ ആദ്യഫലക്കറ്റ ഉയർത്തുന്ന ആഴ്ചവട്ടത്തിന്റെ ഒന്നാം നാളം കർത്താവ് ഉയർത്തെഴുന്നേറ്റു (മർക്കൊ. 16:1-9) അതുപോലെ പെന്തെക്കൊസ്തു ദിവസം തന്നെ കർത്താവിന്റെ ആത്മാവ് വന്നു. അതിൽ പെന്തെക്കൊസ്തിന് കർത്താവിന്റെ ഉയർപ്പിനുശേഷം '10' ദിവസം കൂടെ വേണ്ടിയിരുന്നു. അതിനു വേണ്ടിയാണ് കർത്താവ് ശിഷ്യന്മാരോടു പറഞ്ഞത് വാഗ്ദത്തത്തിനായി നിങ്ങൾ കാത്തിരിപ്പിൻ. പെന്തെക്കൊസ്തു ദിവസം ഒഴികെ ഒരു വിശ്വാസിയും കാത്തിരുന്ന് ആത്മാവിനെ പ്രാപിച്ചതായി ബൈബിളിൽ കാണുന്നില്ല.

2 പരിശുദ്ധാത്മാവിലെ വിശ്വാസത്താൽ:- രക്ഷയ്ക്കായി നൽകപ്പെട്ടിരിക്കുന്ന ഉപദേശങ്ങളിൽ ഒരിടത്തും പരിശുദ്ധാത്മാവിനെ കുറിച്ച് പരാമർശിച്ചിട്ടില്ല. അതുകൊണ്ട് രക്ഷിക്കപ്പെട്ട ശേഷം ആത്മാവിലുള്ള വിശ്വാസത്താൽ ആത്മലഭ്യത എന്നുള്ള ഉപദേശം തെറ്റാണ് എന്നു തെളിയുന്നു.

3 ക്രിസ്തുവിലെ വിശ്വാസത്താൽ ആത്മലഭ്യത പെന്തെക്കൊസ്തു ദിവസത്തിൽ ആത്മാവ് അപ്പൊസ്തലന്മാരിൽ വന്നു. പിന്നീട് ദാനം എല്ലാവർക്കുമായി കൊടുത്തു. പരിശുദ്ധാത്മാവ് ലോകത്തിൽ ഉള്ളതുകൊണ്ടു കാത്തിരുന്നു പ്രാർത്ഥിച്ച് ആത്മാവിനെ ആരും ഇറക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ക്രിസ്തുവിൽ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഓരോ വ്യക്തിയിലും ദൈവം പരിശുദ്ധാത്മാവിനെ പകരുന്നു (ഗലാ. 3:14; റോമർ 8:9).

★

(ശേഷം അടുത്ത ലക്കത്തിൽ)

# പ്രവാചകൻ

J. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

മുപ്പത്തെട്ടും മുപ്പത്തൊൻപതും അദ്ധ്യായങ്ങളിൽ കടക്കുമ്പോൾ രോഗബാധിതനായ ഹിസ്ക്കിയാ രാജാവിന്റെ മരണം യെശയ്യാവു പ്രവചിച്ചു. ഇതുകേട്ടു അവൻ കരഞ്ഞു ദൈവത്തോടു പ്രാർത്ഥിച്ചു. കൂടാതെ അവന്റെ തെറ്റുകൾക്കുവേണ്ടി അവൻ ദൈവത്തോടു മാപ്പിരന്നു. ദൈവം അവന്റെ വിനയത്തോടുകൂടിയുള്ള പ്രാർത്ഥന കേട്ടു, പതിനഞ്ചു വർഷം അവനു ദൈവം ആയുസ് നീട്ടികൊടുത്തു. മാത്രമല്ല, അവനെയും നഗരത്തെയും അശൂർ രാജാവിന്റെ കൈയ്യിൽ നിന്നും വിടുവിയ്ക്കുകയും ചെയ്തു.

യേശുവിന്റെ ജനനം പ്രവചിച്ച യെശയ്യാവ് അവന്റെ മരണത്തെയും 53-ാം അദ്ധ്യായത്തിൽ പ്രവചിച്ചു. അതും വള്ളി പുള്ളി തെറ്റാതെ സംഭവിച്ചു. ഇതെല്ലാം ദൈവം വെളിപ്പെടുത്തികൊടുത്തതുകൊണ്ടാണ് അപ്രകാരം സംഭവിച്ചത് അവൻ വിശ്വസ്തതയോടുകൂടി ദൈവവുമായി അടുത്തു ജീവിച്ചു സംഭവിപ്പാൻ പോകുന്ന പല കാര്യങ്ങളും ദൈവം അവനിലൂടെ ഈ ലോകത്തിനു വെളിപ്പെടുത്തുകയുണ്ടായി.

ബെന്യാമീൻ ദേശത്തു അനാഥോത്തിലെ പുരോഹിതന്മാരിൽ ഒരുവനായ ഹിൽക്കിയാവിന്റെ മകനായിരുന്നു യിരെമ്യാവ്. യെഹൂദ രാജാവായ യോശീയാവിന്റെ കാലത്തു അവനു യഹോവയുടെ അരുളപ്പാട് ഉണ്ടായി. അരുളപ്പാടിലൂടെ അവൻ ജാതികളുടെ പ്രവാചകനായികൂടി നിയമിച്ചിരിക്കുന്നുവെന്ന സത്യം മനസ്സിലാക്കി (1:1-11).

യഹൂദ, യെരൂശലേം, യിസ്രായേൽ, മോവാബ് അമ്മോന്യ, ഏദോം, ദമ്മെശെക്ക്, ബാബേൽ, കല്ദയ എന്നീ ദേശങ്ങൾ ദൈവത്തിൽ നിന്നും അകന്നു ജീവിച്ചു. അവർ മ്ലേച്ഛവിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചു. അവയെ ആരാധിച്ചു. ന്യായം പ്രവർത്തിക്കുകയോ, വിശ്വസ്തത കാണിക്കുകയോ ചെയ്തില്ല. അതിനാൽ അവർക്കു ദൈവത്തിൽ നിന്നും ഉണ്ടാകാവുന്ന ശിക്ഷയും അവരുടെ നാശത്തെയും കുറിച്ചു അവൻ പ്രവചിച്ചു. കൂടാതെ ആ ശിക്ഷ ഒഴിവാക്കുന്നതിനായി തെററുകളെ വിട്ടുപേക്ഷിച്ചു ദൈവത്തിലേക്കു മടങ്ങിവരുവാൻ അവൻ അവരെ ആഹ്വാനം ചെയ്തു. അപ്രകാരം വന്നാൽ ദൈവം അവന്റെ മനസ്സിനൊത്ത ഇടയന്മാരെ അവർക്കു നൽകി, അവർ അവരെ ജ്ഞാനത്തോടും ബുദ്ധിയോടും കൂടി മേയിക്കുമെന്നും അവൻ അവരെ അറിയിച്ചു (2, 3, 4, 48, 49, 50 എന്നീ അദ്ധ്യായങ്ങൾ).

ദൈവത്തെ അനുസരിക്കേണ്ടതു എങ്ങനെ എന്നു അവൻ അവരെ പഠിപ്പിച്ചു. യഹോവയുടെ മന്ദിരം എന്ന വ്യാജവാക്കുകളിൽ ആശ്രയിക്കരുത്. നടപ്പും പ്രവർത്തികളും വാസ്തവമായി നന്നാക്കണം. തമ്മിൽ തമ്മിൽ ന്യായം നടത്തണം. പരദേശിയേയും അനാഥനേയും വിധവയേയും പീഡിപ്പിക്കരുത്. കുററമില്ലാത്ത രക്തം ഈ സ്ഥലത്തു ചിന്തിക്കരുത്. അന്യദേവൻമാരോടു ചെന്നു ചേരരുത്. ഇപ്രകാരം ദൈവത്തെ അനുസരിച്ചാൽ ദൈവം അവരുടെ പിതാക്കന്മാർക്കു നൽകിയ ഈ സ്ഥലത്തു അവർ എന്നെന്നേക്കും വസിക്കും. ഈ വാഗ്ദാനവും അവൻ അവരെ അറിയിച്ചു. ഇല്ലെങ്കിലോ ജനം ഒന്നിനും കൊള്ളരുതാത്ത കച്ച പോലെ ആയിത്തീരും. അവർ വസിക്കുന്ന പട്ടണങ്ങളിൽ എല്ലാ അനർത്ഥങ്ങളും ദൈവം വരുത്തും.

(7, 13, 19 അദ്ധ്യായങ്ങൾ)

ദൈവസത്യം അറിഞ്ഞാൽ തെറ്റിൽ മുഴുകി ജീവിക്കുന്നവർ പ്രതികരിക്കും. അവൻ പറഞ്ഞതെല്ലാം ഇമ്മേരിന്റെ മകനും യഹോവയുടെ ആലയത്തിനു പ്രധാന വിചാരകനുമായ പശ്ഹൂർ പുരോഹിതൻ കേട്ടു. അവൻ യിരെമ്യാവിനെ അടിച്ചു. യഹോവയുടെ ആലയത്തിനരികെയുള്ള മേലത്തെ ബെന്യാമീൻ ഗോപുരത്തിലെ ആമത്തിൽ ഇട്ടു (20:1-3). അടുത്ത ദിവസം അവനെ വിമുക്തനാക്കി. എന്നാൽ യിരെമ്യാവു ഭയന്നില്ല. ദൈവത്തിൽ നിന്നു ലഭിക്കാനിരിക്കുന്ന ശിക്ഷയെ കുറിച്ചു അവനു വെളിപ്പെടുത്തിക്കൊടുത്തു. അതുകേട്ട അവർ അവനെ പരിഹസിച്ചു. അവൻ ദൈവത്തോടു ആവലാതിപ്പെട്ടു. അവന്റെ ആവലാതി ദൈവം കേട്ടു. അവരെ ശിക്ഷിച്ചു (21-ാം അദ്ധ്യായം).

യഹോവ അരുളിച്ചെയ്ത പ്രകാരം യിരെമ്യാവ് നേര്യാവിന്റെ മകനായ ബാരൂക്കിനെക്കൊണ്ടു യഹോവയുടെ അരുളപ്പാടുകൾ ഒരു പുസ്തക ചുരുളിൽ എഴുതിപ്പിച്ചു. യിരെമ്യാവ് ബന്ധനത്തിൽ ആയിരുന്നതിനാൽ ബാരൂക്കിനെ കൊണ്ടു ആ പുസ്തകച്ചുരുൾ യഹോവയുടെ ആലയത്തിൽ വച്ചു വായിപ്പിച്ചു. അതു കേട്ടവർ ഭയന്നു. രാജാവിനെ വിവരം അറിയിച്ചു. അവനും അതു വായിപ്പിച്ചു. എന്നാൽ അതിൽ കോപാകുലനായ രാജാവ് യിരെമ്യാവിനെയും ബാരൂക്കിനെയും പിടിക്കുവാൻ കഴിയാത്തതിനാൽ പുസ്തകച്ചുരുളിനെ തീയിൽ ഇട്ടു നശിപ്പിച്ചു. യഹോവ അവരെ കൊണ്ടു വീണ്ടും അതു എഴുതിപ്പിച്ചു (36-ാം അദ്ധ്യായം).

യഹൂദാദേശത്തു സംഭവിപ്പാനിരിക്കുന്ന നാശം രാജാവിന്റെ ദൂതൻമാർ മുഖാന്തിരം അവൻ അറിയിച്ചു. അവൻ സത്യം പറഞ്ഞതിനാൽ, കൽദയ പക്ഷക്കാരനാണെന്നു പറഞ്ഞു അവനെ പിടിച്ചു അടിച്ചു രായസക്കാരനായ യോനാഥാ

ന്റെ വീട്ടിൽ തടവിൽ പാർപ്പിച്ചു. ഏറെ നാൾ കഴിഞ്ഞു അവൻ ആവശ്യപ്പെട്ടപ്രകാരം രാജാവ് അവനെ കാവൽപ്പുര മുറ്റത്തു താമസിപ്പിച്ചു. അപ്പക്കാരുടെ തെരുവിൽ നിന്നു ദിവസം തോറും ഒരു അപ്പം അവനു കൊടുപ്പിച്ചു

(37-ാം അദ്ധ്യായം).

യഹൂദ ദേശം ബാബേൽ രാജാവിന്റെ കൈയിൽ ഏൽപിക്കപ്പെടും എന്ന ദൈവത്തിന്റെ അരുളപ്പാട് അവൻ ഭയപ്പെടാതെ അറിയിച്ചു. പ്രഭുക്കൻമാർ അതിൽ കുപിതരായി. അവനെ അവർ ചെളിയുള്ള കുഴിയിൽ ഇറക്കിച്ചു. അവനു ആഹാരം നൽകിയതുമില്ല. ഇതു ഏബെദ് മേലെക് എന്ന ഷണ്ഡൻ അറിഞ്ഞു. അവൻ രാജാവിനെ വിവരം അറിയിച്ചു. രാജാവ് കൽപിച്ച പ്രകാരം അവൻ അവനെ രക്ഷപ്പെടുത്തി, രാജാവ് യിരെമ്യാവെ വരുത്തി സത്യം അവനിൽ നിന്നു ഗ്രഹിച്ചു. അവനെ കാവൽപ്പുര മുറ്റത്തു താമസിപ്പിച്ചു. ദൈവം മുൻകൂട്ടി അരുളിച്ചെയ്തതുപോലെ ബാബേൽ യെരൂശലേമിനെ ആക്രമിച്ചു. യഹൂദാദേശത്തിലെ എല്ലാപേരെയും ബന്ധിച്ചു. എന്നാൽ യിരെമ്യാവെ വിട്ടയച്ചു. അവൻ ദേശത്തുചെന്നു ജനത്തിന്റെ ഇടയിൽ പാർത്തു (അ. 38-40).

ദൈവസത്യം പ്രസ്താവിച്ചപ്പോൾ ആദ്യം പ്രയാസവും ഞെരുക്കവും അപമാനവും അവനു ഉണ്ടായി. എന്നാൽ അവസാനം ബഹുമാനവും, സന്തോഷവും, സമാധാനവും അവൻ അനുഭവിച്ചു.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ. ഇരിട്ടി.

## 7. ലവൊദിക്യ സഭ (വെളി. 3:14-22.)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ദൈവം തന്റെ മക്കൾക്ക് നൽകപ്പെട്ടിരിക്കുന്ന സകല വിധ വാഗ്ദത്തങ്ങളിലും വിശ്വസ്തനായിരിക്കുകയാണ് (എബ്രാ. 10:23). "നമ്മുടെ പാപങ്ങളെ ഏററുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹ. 1:9). അപ്രകാരം തന്നെ കർത്താവു തെരഞ്ഞെടുത്ത തന്റെ രക്തത്തിന്റെ വിലയായ ദൈവമക്കൾ, അവന്റെ ഇഷ്ടപ്രകാരം കഷ്ടം അനുഭവിച്ചും, നൻമ ചെയ്തും അവസാനത്തോളം നിലനിൽക്കേണ്ടതിന് നമ്മുടെ പ്രാണനെ വിശ്വസ്തനായ കർത്താവിന്റെ കരങ്ങളിൽ ഭരമേൽപിക്കുകയും ചെയ്യേണ്ടതാകുന്നു (1 പത്രൊ 4:19). നിത്യനും, ജീവന്റെ ഉറവിടവുമായ സർവ്വശക്തനായ കർത്താവിന്റെ മാററമില്ലാത്ത വിശ്വസ്തത നമ്മുടെ നിത്യേനയുള്ള ജീവിതാനുഭവങ്ങളിൽ നമുക്ക് രുചിച്ചറിയാൻ കഴിയുന്നുണ്ടോ ?

കർത്താവ് നിത്യവും നമ്മോട് വിശ്വസ്തനായിരിക്കുന്നതുപോലെ നമുക്കും കർത്താവിനോടും വിശ്വസ്തമായ വിധത്തിൽ ജീവിച്ചേ പററുകയുള്ളൂ. എന്നാൽ മനുഷ്യർക്ക് കർത്താവിനോടുള്ള വിശ്വസ്തത കുറഞ്ഞിരിക്കുകയാണ്. അതിനു കാരണം മനുഷ്യന്റെ പാപപ്രവൃത്തികളാണ്. പാപം ദൈവത്തിൽ നിന്നും മനുഷ്യനെ അകററി നിർത്തുന്നു. കർത്താവായ യേശുക്രിസ്തുവിൽ ഇരുട്ടു ഒട്ടും ഇല്ല.

"അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല" (1 പത്രൊ. 2:22) എന്നാൽ "അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നു കൊണ്ട് ക്രൂശിൻമേൽ കയറി അവന്റെ അടിപിണരാൽ നിങ്ങൾക്കു സൌഖ്യം വന്നിരിക്കുന്നു" (1 പത്രൊ. 2.24). മനുഷ്യരുടെ പാപങ്ങളിൽ നിന്നും അവരെ മോചിതരാക്കാൻ യേശുക്രിസ്തു എത്രയധികം വിശ്വസ്തതയോടും സത്യസന്ധതയോടും തന്റെ പിതാവായ ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിച്ചിരിക്കുന്നു.

പാപമോചനത്തിനായി കർത്താവു നമുക്കുവേണ്ടി ഏറ്റവും വലിയ ദൗത്യം നിർവ്വഹിച്ചിരിക്കെ, അതിനെ മറികടന്ന് മനുഷ്യർ മററനേകം വളഞ്ഞ മാർഗ്ഗങ്ങളിലൂടെ പാപമോചനം പ്രാപിക്കാൻ ശ്രമിച്ചുവരികയാണ്. ക്രിസ്തുവിനെ കൂടാതെ അന്യമാർഗ്ഗങ്ങൾ തേടിപ്പോകുന്ന നിനക്ക് കർത്താവിനോട് നീതി പുലർത്താനോ, വിശ്വസ്തത ഉള്ളവനായിരിക്കാനോ കഴികയില്ല. "എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറെക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും" (യെശ. 66:2). "അവൻ വിശ്വസ്തതയുള്ള ദൈവം, വ്യാജമില്ലാത്തവൻ; നീതിയും നേരുമുള്ളവൻ തന്നേ" (ആവർ 32:4).

ഭൂമിയിൽ മനുഷ്യർക്ക് സത്യസന്ധതയില്ല. എല്ലാവരും ഭോഷ്ക്കു പറയുന്നവരാണ്. "ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്ക്കു പറയുന്നവർ എന്നേ വരൂ" (റോമ. 3:4)

കർത്താവിനോടു മനുഷ്യർക്ക് നീതി പുലർത്താനോ, സത്യസന്ധമായിരിക്കാനോ വിശ്വസ്തത പുലർത്താനോ കഴിയാതെ പോകുന്നതിനാൽ അവർക്ക് വന്നു ഭവിക്കുന്ന വിനാശം എത്രയോ ഭയാനകമാണ്. അതു നമുക്ക് ദൃഷ്ടാന്തമായി ദൈവവചനത്തിലൂടെ അനേകം സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

യിസ്രായേൽ ജനം, മിസ്രയീമിൽ ഫറവോന്റെ അടിമത്വത്തിൽ ഊഴിയവേലയിൽ ആഴ്ന്നിരുന്നപ്പോൾ, അവർ തങ്ങളുടെ കഠിനമായ കഷ്ടതയിൽ ദൈവത്തോടു നിലവിളിച്ചു അവരുടെ നിലവിളിയിൽ മനസ്സലിഞ്ഞ ദൈവം മോശ മുഖാന്തരം അവരെ ഫറവോന്റെ അടിമത്വത്തിൽ നിന്നും വിടുവിച്ചു. ചെങ്കടലിനെ വിഭാഗിച്ചു, വെള്ളത്തെ ചിറ പോലെ നിൽക്കുമാറാക്കി, കടലിന്റു നടുവിലൂടെ ദൈവം അവർക്ക് ചെങ്കൽ പാത ഒരുക്കി. അവരിൽ ആരും നഷ്ടപ്പെടാതെ, അവർ സീൻ മരുഭൂമിയിൽ പാളയം ഇറങ്ങി. മരുഭൂമിയിൽ അവർക്ക് പകൽ സമയത്ത് മേഘസ്തംഭം ഒരുക്കി തണലേകി രാത്രി മുഴുവനും അഗ്നിസ്തംഭം കൊണ്ട് അവർക്ക് വെളിച്ചം നൽകി. അവർക്ക് മരുഭൂമിയിൽ പാറകളെ പിളർന്നു ധാരാളം കുടിപ്പാൻ കൊടുത്തു. മരുഭൂമിയിൽ വെള്ളം നദികളെപ്പോലെ ഒഴുകിയിരുന്നു. അവർക്ക് ഭക്ഷിപ്പാൻ സ്വർഗ്ഗീയ ധാന്യമാകുന്ന 'മന്ന' വർഷിപ്പിച്ചു. ''മനുഷ്യർ ശക്തിമാൻമാരുടെ അപ്പം തിന്നു.'' മരുഭൂമിയിൽ ദൈവം അവർക്ക് മാംസത്തെയും കൊടുത്തു യിസ്രായേൽ മക്കൾ ആഗ്രഹിച്ചതിനെ എല്ലാം ദൈവം അവർക്കു കൊടുത്തു.

''അവർ തിന്നു തൃപ്തരായിതീർന്നു''. ''എങ്കിലും അവർ വായ് കൊണ്ട് അവനോടു കപടം സംസാരിക്കും, നാവു കൊണ്ട് അവനോടു ഭോഷ്ക്കു പറയും അവരുടെ ഹൃദയം അവങ്കൽ സ്ഥിരമായിരുന്നില്ല അവന്റെ നിയമത്തോട് അവർ വിശ്വസ്തത കാണിച്ചതുമില്ല'' (സങ്കീ 78: 36, 37). ''അവർ ദൈവത്തിന്റെ നിയമം പ്രമാണിച്ചില്ല; അവന്റെ ന്യായപ്രമാണത്തെ ഉപേക്ഷിച്ചു നടന്നു. അവർ അവന്റെ പ്രവൃത്തികളെയും അവരെ കാണിച്ച അൽഭുതങ്ങളെയും മറന്നു കളഞ്ഞു'' (സങ്കീ. 78:10, 11). അതിനാൽ ദൈവം മിക്ക പേരിലും പ്രസാദിച്ചില്ല. ദൈവം അവരെ മരുഭൂമിയിൽ വച്ചു തന്നെ കൊന്നുകളഞ്ഞു; അവരിൽ ചിലർ പരസംഗം ചെയ്തു. ആ ബാധകൊണ്ടു മരിച്ചുപോയവർ ഇരുപത്തിനാലായിരം പേരായിരുന്നു (സംഖ്യാ. 25).

യിസ്രായേൽ മക്കളും അനേകരും വിഗ്രഹാരാധികളായി തീർന്നു. അവരിൽ ചിലർ ദൈവത്തെ പരീക്ഷിച്ചു ദൈവം അഗ്നിസർപ്പങ്ങളെ അയച്ചു. അവ ജനത്തെ കടിച്ചു യിസ്രായേൽ ജനം മരിച്ചു (സംഖ്യാ. 21:5, 6) യിസ്രായേൽ ജനം ദൈവത്തോടു പിറുപിറുത്തു. ദൈവത്തിന്റെ ക്രോധം അവരുടെ നേരെ പുറപ്പെട്ടു. ആ ബാധയാൽ സംഹരിക്കപ്പെട്ടവരുടെ എണ്ണം പതിനാലായിരത്തെഴുനൂറു പേരായിരുന്നു. ദൈവത്തോടു സത്യസന്ധതയും വിശ്വസ്തതയും ഇല്ലാതിരുന്ന യിസ്രായേൽ ജനത്തിന് ഇതെല്ലാം ദൃഷ്ടാന്തമായി ഭവിച്ചു. ''എന്നാൽ ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധിയുപദേശത്തിനായി എഴുതിയുമിരിക്കുന്നു. ആകയാൽ താൻ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ'' (1 കൊരി. 10:11, 12).

''യഹോവേ, നിന്റെ ദയ ആകാശത്തോളവും നിന്റെ വിശ്വസ്തത മേഘങ്ങളോളവും എത്തുന്നു നിന്റെ നീതി ദിവ്യപർവ്വതങ്ങളെപ്പോലെയും നിന്റെ ന്യായവിധികൾ വലിയ ആഴിയെപ്പോലെയും ആകുന്നു'' (സങ്കീ. 36:5, 6). ''സഹോദരൻമാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിന്ന് അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ''
(എബ്രായർ 3:12).

ലോകത്തിൽ അനേകം മഹാത്മാക്കളും 'സത്യം' എന്ന യാഥാർത്ഥ്യത്തെ അവരുടെ ജീവിതത്തിൽ പൂർണ്ണ അനുഭവമാക്കി തീർക്കാൻ ശ്രമിച്ചിട്ടുണ്ട്.

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**HINDI**—Satya Susamachar—Speaker. Sunny David.
All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Tuesdays — 9.00 p m. to 9.15 p.m.
Fridays — 9 00 p m. to 9.15 p.m.

**TELUGU**—The Voice of Truth—Speaker : Joshua Gootam
All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Tuesdays — 2.00 p.m. to 2.15 p.m.
Thursdays — 2.15 p.m. to 2.30 p.m.
Fridays — 2.15 p m. to 2.30 p.m.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.
All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Sundays — 6.45 p m. to 7.00 p.m.
Thursdays — 6 45 p.m. to 7.00 p.m.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese
All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Fridays — 3.45 p m. to 4.00 p.m.

**ENGLISH**—The Voice of Truth—Speakers: Reggie Gnana-sundaram and J. C. Choate
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Fridays — 7.45 p.m. to 8.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 p m. to 2.00 p m.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P.K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Cible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To